TUESDAY 09/12/2025 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS
Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/12/2025

1. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ലവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്, കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ, ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9562304546.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ

ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2025 ഡിസംബർ 26** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ജനുവരി 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങള് മേല് പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. ഫോൺ : 0487-2438567, 8547837256.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"നായ വളർത്തൽ"** എന്ന വിഷയത്തിൽ 15/12/2025, 16/12/2025 എന്നീ തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യമായി ദ്വിദിന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഡിസംബർ മാസം 15, 16 തീയതികളിൽ **"സുരക്ഷിതമായ പാൽ ഉൽപ്പാദനം"** എന്ന വിഷയത്തിൽ ക്ഷീര കർഷകർക്കായി പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഡിസംബർ 12-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി

റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം –695004 Email ID:principaidtctvm@gmail.com

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷന് സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ₹550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ 8547070773 എന്ന ഫോണ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

6. **കാർഷിക നിർദേശം**

കാബേജ്, കോളിഫ്ളവർ തൈകൾക്ക് രണ്ടാംവളം ചെയ്യേണ്ട സമയമായി. ഒരു സെന്റിന് ഒന്നേകാൽ കിലോഗ്രാം യൂറിയ, രണ്ട് കിലോഗ്രാം മസ്സൂറിഫോസ്, എണ്ണൂറ് ഗ്രാം പൊട്ടാഷ് എന്ന തോതിൽ കലർത്തി ചെടിയൊന്നിന് 15 –20 ഗ്രാംവീതം നൽകണം. വളമിട്ടുകഴിഞ്ഞാൽ നന ഉറപ്പാക്കണം. ഇലതീനി പുഴുക്കളെയും നിമാവിരകളെയും നിയന്ത്രിക്കുന്നതിനായി വേപ്പിൻ സത്തടങ്ങിയ കീടനാശിനികൾ തളിച്ചുകൊടുക്കണം. കൂടാതെ ബ്യുവേറിയ ബാസ്സിയാന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന കുമിൾ കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നതുവഴി ഇലതീനി പുഴുക്കളെ നശിപ്പിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം